## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 35** **23-01-2025 - ൽ മറുപടിയ്ക്ക്**

## GST വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന GST വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അനുമതി നൽകിയോ; ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 2017 ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ച് ട്രാൻസ്ഫർ നടത്തുന്നതിന് സംസ്ഥാന GST വകുപ്പ് ഉന്നയിക്കുന്ന തടസ്സവാദം എന്താണ്; എല്ലാ വകുപ്പുകളിലും സ്പാർക്ക് അധിഷ്ഠിത ഓൺലൈൻ സ്ഥലംമാറ്റം കർശനമായി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കാമോ? | (എ) | അനുമതി നൽകിയിട്ടില്ല.<br><br>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ പ്രധാനപ്പെട്ട വിഭാഗമായ ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിംഗിനെ സംബന്ധിച്ച് സെർച്ച്, ഇൻസ്പെക്ഷൻ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇവ സാധാരണ സർക്കാർ ഓഫീസുകളിലെ ജോലി സ്വഭാവങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. ആയതിനാൽ ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് പോലെയുള്ള വിഭാഗങ്ങളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ സീനിയോരിറ്റി, സേവനകാലയളവ് എന്നിവയ്ക്കുപരിയായി ആ പോസ്റ്റിലേക്കുള്ള അനുയോജ്യത, പ്രത്യേകമായ പ്രാവീണ്യം, ഭരണപരമായ സൗകര്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് ജീവനക്കാരെ നിയമിക്കുന്നത്. ആയതിനാൽ 02.08.2022 തീയതിയിലെ സ.ഉ(കൈ)നം.55/2022/നികുതി പ്രകാരമുള്ള വകുപ്പിന്റെ പുന:സംഘടനാ ഉത്തരവിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വകുപ്പിന്റേതായ ഒരു ട്രാൻസ്ഫർ പോളിസി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സെൻസിറ്റീവ് പോസ്റ്റുകളിലും നോൺ സെൻസിറ്റീവ് പോസ്റ്റുകളിലും ആവശ്യമായ റൊട്ടേഷൻ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ട്രാൻസ്ഫർ പോളിസി രൂപീകരിക്കുന്നതിനാണ് സർക്കാർ നിർദേശിച്ചിരുന്നത്. ഇത്തരത്തിൽ ഒരു ട്രാൻസ്ഫർ പോളിസി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ